(സി) വിദേശയാത്രയുടെ ആവശ്യകത, നേട്ടം എന്നിവ അനുബന്ധം V-ലും VA-യിലുമായി ചേർത്തിരിക്കുന്നു. കൂടാതെ കേരളത്തിന്റെ വ്യാവസായികാന്തരീക്ഷത്തെ പറ്റിയുള്ള തെറ്റിദ്ധാരണകൾ മാറ്റാനും കേരളമൊരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞുവെന്നത് വിദേശങ്ങളിലെ വ്യവസായ സംരംഭകരെ അറിയിക്കുവാനും ഈ യാത്രകൾ സഹായകരമായിട്ടുണ്ട്.

കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതി

19 [3424] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. സി. ജോസഫ്:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും എന്തു തുകയ്ക്കുള്ള കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്;

(ബി) അതിൽ ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റേയും ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും പങ്കെന്തെന്നു വ്യക്തമാക്കാമോ;

(സി) കയറ്റുമതി ബിസിനസ്സ് പ്രസ്തുത കോർപ്പറേഷനുകൾക്ക് മെച്ചപ്പെട്ട ലാഭം ഉണ്ടാക്കുവാൻ സൗകര്യമുണ്ടാക്കുമെന്നതിനാൽ ഈ കോർപ്പറേഷനുകളുടെ ആഭിമുഖ്യത്തിൽ കയറ്റുമതി ബിസിനസ്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2002-03 സാമ്പത്തികവർഷം 38.19 ലക്ഷം രൂപയുടെ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു.

(ബി) ഹാന്റി ക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 32.74 ലക്ഷം രൂപയുടെ കയറ്റുമതി നടത്തിയിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല.

(സി) ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കൂടുതൽ കയറ്റുമതി നടത്തുവാൻ വേണ്ട ശ്രമങ്ങൾ നടത്തിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly